സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ശബരിമല ഉൾപ്പെടെയുള്ള ക്ഷേത്രങ്ങളുടെ വരുമാനത്തിൽ കുറവ് സംഭവിച്ച സംഗതി - ക്ഷേത്ര വരുമാനം വർദ്ധിപ്പിക്കുന്നതും വരുമാന ചോർച്ച തടയുന്നതും സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC 87/12/Est-1 നന്തൻകോട്, 26 -02-2019

---

പരാമർശം :- 1) 07-03-2018 ൽ ബോർഡ് ആസ്ഥാനത്ത് വച്ച് കൂടിയ ഉദ്യോഗസ്ഥരുടെ ചർച്ചയുടെ മിനിട്ട്സ്.
2) 23-03-2018 ലെ മേൽ നമ്പർ ഉത്തരവ്.
3) 25-07-2018 ലെ മേൽ നമ്പർ ബോർഡുത്തരവ്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ (ശബരിമല ഉൾപ്പെടെ) മുൻവർഷങ്ങളെ അപേക്ഷിച്ച് വലിയ തോതിൽ വരുമാന കുറവ് സംഭവിച്ചിട്ടുള്ള സാഹചര്യത്തിൽ ക്ഷേത്ര വരുമാനം വർദ്ധിപ്പിക്കുന്നതും വരുമാന ചോർച്ച തടയുന്നതും സംബന്ധിച്ച് ബോർഡ് ചർച്ച ചെയ്തു.

ദേവസ്വം ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതും വരുമാന ചോർച്ച തടയുന്നതും സംബന്ധിച്ച് ബോർഡാസ്ഥാനത്ത് വച്ച് കൂടിയ ഉദ്യോഗസ്ഥരുടെ കോൺഫറൻസിലെ തീരുമാനങ്ങൾ (പരാമർശം -1) നടപ്പിൽ വരുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരാമർശം 2 ആയി നിർദ്ദേശം നൽകിയിരുന്നുവെങ്കിലും പ്രസ്തുത തീരുമാനങ്ങളൊന്നും നാളിതുവരെ നടപ്പിൽ വരുത്തിയിട്ടില്ലാത്തതായി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടു. കൂടാതെ ദേവസ്വം ബോർഡ് ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതുമാണ്.

നിലവിൽ സംഭവിച്ചിട്ടുള്ള വരുമാന കുറവ് നികത്തുന്നതിനും സ്ഥാപനത്തിന്റെ നിലനിൽപ്പിനും പുനർവിന്യാസം ഉൾപ്പെടെയുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതായി ബോർഡ് വിലയിരുത്തി. ഈ വിധ സാഹചര്യങ്ങളിൽ ചുവടെ വിവരിക്കും പ്രകാരം ബോർഡുത്തരവാകുന്നു.

- പരാമർശം 1 മിനിറ്റ്സ് പ്രകാരം സ്വീകരിച്ച നടപടി വിവരം ഒരാഴ്ചയ്ക്കകം ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
- പുനർവിന്യാസം സംബന്ധിച്ച് പരാമർശം 3 പ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മിറ്റി ഇക്കാര്യത്തിലെ പുരോഗതി വിവരം ഉടൻ റിപ്പോർട്ട് ചെയ്യേണ്ടതും നടപടികൾ അടിയന്തിരത്തിൽ പൂർത്തിയാക്കേണ്ടതുമാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

(മറുപുറം)

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

Ragimol
അസിസ്റ്റന്റ് സെക്രട്ടറി

SK